## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5216. 30.06.2014 ൽ മറുപടിയ്ക്ക്.

### പിൻസീറ്റിൽ യാത്രചെയ്യുന്നവർക്ക് സീറ്റ്ബെൽറ്റ്

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ.<br>,, പി.റ്റി.എ. റഹീം.<br>ശ്രീമതി. കെ.എസ്. സലീഖ.<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാറിന്റെ പിൻസീറ്റിൽ യാത്ര ചെയ്യുന്നവർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ ; ഇതു സംബന്ധമായി ഉണ്ടായിരുന്ന മോട്ടോർ വാഹന ചട്ടവും ഭേദഗതിയും വിശദമാക്കാമോ ; | (എ) | 1989- ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 125(1 എ) പ്രകാരം മുന്നോട്ട് അഭിമുഖമായുള്ള പുറകിലത്തെ സീറ്റിൽ ഇരിക്കുന്ന യാത്രക്കാർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാണ്. ഇത് കർശനമായി നടപ്പിൽ വരുത്തുന്നതിന് ഗതാഗത കമ്മീഷണർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും 13-06-2014 ൽ ഗതാഗത കമ്മീഷണറുടെ ടി നിർദ്ദേശം നിർത്തിവയ്ക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.<br>28-03-2001 തീയതിയിലെ ജി.എസ്.ആർ. 221(ഇ) പ്രകാരമാണ് ചട്ടം 125(1 എ) കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ ഉൾപ്പെടുത്തിയത്. പിന്നീട് 19-04-2001 തീയതിയിലെ ജി.എസ്.ആർ. 263(ഇ) പ്രകാരം പ്രസ്തുത ചട്ടം തിരുത്തുകയും 31-05-2002 തീയതിയിലെ ജി.എസ്.ആർ 400 (ഇ) പ്രകാരം ഈ ചട്ടം സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുകയുമുണ്ടായി. 23-02-2004 തീയതിയിലെ എസ്.ഒ. 1407(ഇ) പ്രകാരം ഈ ചട്ടം വീണ്ടും സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുകയും 31-05-2005 മുതൽ ഈ ചട്ടം പ്രാബല്യത്തിൽ വരുകയും ചെയ്തു. എന്നാൽ ഇതുവരെ കർശനമായി നടപ്പിലാക്കിയിരുന്നില്ല. |
| (ബി) | ഭേദഗതി ചെയ്ത ചട്ടങ്ങളിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ലെന്ന് ഗതാഗത വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതിനായി | (ബി) | സാവകാശം നൽകണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>ഇല്ല. |

| | | | |
|---|---|---|---|
| | ചട്ടത്തിൽ വീണ്ടും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ ; എങ്കിൽ നിലവിൽ പ്രാബല്യത്തിലുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 125(1) പ്രകാരം മോട്ടോർ സൈക്കിൾ, മുച്ചക്ര വാഹനങ്ങൾ എന്നിവ ഒഴികെയുള്ള വാഹനങ്ങളിൽ വാഹന ഉത്പാദകർ ഡ്രൈവർക്കും മുൻസീറ്റിലിരുന്ന് യാത്ര ചെയ്യുന്ന വ്യക്തിക്കും ധരിക്കുന്നതിനായി സീറ്റ് ബെൽറ്റ് സജ്ജീകരിച്ചിരിക്കണം.<br><br>1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 125(1 എ) പ്രകാരം എം1 കാറ്റഗറിയിൽ പെടുന്ന വാഹനങ്ങളിൽ മുന്നോട്ട് അഭിമുഖമായുള്ള പിൻസീറ്റിൽ ഇരുന്ന് യാത്ര ചെയ്യുന്ന വ്യക്തിക്ക് ധരിക്കുന്നതിനായി വാഹന ഉത്പാദകർ സീറ്റ് ബെൽറ്റ് സജ്ജീകരിച്ചിരിക്കണം.<br><br>1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138(3) പ്രകാരം മേല്പറഞ്ഞ വാഹനം ചലിക്കുന്ന സമയത്ത് ഡ്രൈവറും, മുൻസീറ്റിലിരിക്കുന്ന യാത്രികനും, മുന്നോട്ട് അഭിമുഖമായുള്ള പിൻസീറ്റിൽ ഇരിക്കുന്ന യാത്രികരും സീറ്റ് ബെൽറ്റ് ധരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിയിരിക്കേണ്ടതാണ്. |
| (സി) | കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ മാറ്റം വരുത്തുന്നതിനായി സംസ്ഥാനം സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കുമോ; ഇപ്പോൾ പ്രാബല്യത്തിലുള്ള നിയമം നടപ്പിലാക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിരിക്കുന്നത് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ? | (സി) | നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ചാണ് ചട്ടം നടപ്പാക്കുന്നതിന് സാവകാശം നല്കിയത്. |

സെക്ഷൻ ഓഫീസർ.